# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2049 — 07.03.2017 — ൽ മറുപടിക്ക്

## റേഷൻ വ്യാപാരികൾക്ക് വേതനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>,, സി.മമ്മൂട്ടി<br>ഡോ.എം. കെ .മുനീർ<br>ശ്രീ.എം.ഉമ്മർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യഭദ്രതാനിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻ വ്യാപാരികൾക്ക് വേതനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻ വ്യാപാരികൾക്ക് നൽകേണ്ട പാക്കേജിനെ സംബന്ധിച്ച് പഠിക്കുന്നതിന് സർക്കാർ ഉദ്യോഗസ്ഥരും റേഷൻ വ്യാപാരി പ്രതിനിധികളും അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയും റേഷൻ വ്യാപാരികൾക്ക് നൽകേണ്ട പാക്കേജിനെ സംബന്ധിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ടി കമ്മിറ്റിയോട് സർക്കാർ ആവശ്യപ്പെട്ടുകയും ചെയ്തു. കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. കമ്മീഷനും ഇൻസന്റീവും ഉൾപ്പെടെയുള്ള പാക്കേജാണ് സമർപ്പിക്കപ്പെട്ടിരിക്കുന്നത്. വേതനം നൽകുന്നത് ഈ കമ്മിറ്റിയുടെ പരിഗണനയിലില്ല. |
| (ബി) വേതനം നൽകുന്നതുമൂലം റേഷൻ വിതരണത്തിൽ നിലനിൽക്കുന്ന ക്രമക്കേടുകൾ പരിഹരിക്കാനാവുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ; | (ബി) റേഷൻ വിതരണ രംഗത്തെ ക്രമക്കേടുകൾ വേതനം നൽകിയതുകൊണ്ടു മാത്രം തടയാനാകുമെന്ന് കരുതുന്നില്ല. ആയതിന് പര്യാപ്തമായ മാർഗ്ഗങ്ങൾ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുമ്പോൾ നിയമപ്രകാരം ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. ആയതിന് വേണ്ടി എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ, ജി.പി.എസ്. ട്രാക്കിംഗ് മുതലായവ നടപ്പാക്കുന്നതാണ്. |
| (സി) ഓരോ കാർഡുടമകൾക്കും അർഹതപ്പെട്ട റേഷൻ വസ്തുക്കൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താന് ആവശ്യമായ മുൻകരുതൽ കൂടി ഇതോടൊപ്പം സ്വീകരിക്കുമോ ? | (സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പാക്കുമ്പോൾ റേഷൻ കടകൾ വഴിയുള്ള റേഷൻ വിതരണം ഇ-പോസ് മെഷീൻ വഴി ആധാർ അധിഷ്ഠിത കാർഡുകളിലൂടെയും ബയോമെട്രിക് രീതിയിലുള്ള തിരിച്ചറിയൽ മുഖേനയും യഥാർത്ഥ ഉപഭോക്താക്കളെ കണ്ടെത്തുന്നതിനാൽ റേഷൻ വിതരണത്തിൽ ക്രമക്കേടുകൾ നടത്തുവാൻ സാധിക്കുന്നതല്ല. കൂടാതെ റേഷൻ ഡിപ്പോകളിൽ സ്റ്റോക്ക് എത്തിച്ചേരുമ്പോഴും കാർഡ് ഉടമയുടെ പേരിൽ ബില്ല് ചെയ്യുമ്പോഴും എസ്.എം.എസ്. സംവിധാനം മുഖേന കാർഡുടമക്ക് അറിയിപ്പ് നൽകുന്നത് വഴി റേഷൻ സാധനങ്ങളുടെ ദുരുപയോഗം തടയാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ